# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 8195 17.07.2014 - ൽ മറുപടിക്ക്

## കോങ്ങാട് മണ്ഡലത്തിലെ കുടിവെള്ള വിതരണം

**ചോദ്യം**

ശ്രീ. കെ.വി.വിജയദാസ്

**മറുപടി**

പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) കോങ്ങാട് മണ്ഡലത്തിൽ കുടിവെള്ള വിതരണത്തിനായി എത്ര ഡി.പി.ആർ. വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്; വിശദവിവരങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം നൽകുമോ?

(എ) & (ബി) കേരള ജല അതോറിറ്റിയുടെ പാലക്കാട് സർക്കിളിന് കീഴിൽ കോങ്ങാട് മണ്ഡലത്തിൽ കുടിവെള്ള വിതരണത്തിനായി സമർപ്പിച്ച പദ്ധതികളും അവയുടെ പുരോഗതിയും സംബന്ധിച്ച വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| നം | പദ്ധതി | പുരോഗതി |
|---|---|---|
| 1 | സ്പാൻ -കാരാക്കുറിശ്ശി, തച്ചമ്പാറ കുടി വെള്ള പദ്ധതി | 16/02/2014-ന് പദ്ധതി കമ്മീഷൻ ചെയ്തു |
| 2 | എ.ആർ.ഡബ്ല്യൂ.എസ്. എസ്. -പൊറ്റശ്ശേരി I & II വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതി | 16/02/2014-ന് പദ്ധതി കമ്മീഷൻ ചെയ്തു |
| 3 | എൻ.സി./പി.സി.പറളി I കുടിവെള്ള പദ്ധതി | പണി പൂർത്തീകരിച്ച് 16/09/2012-ന് പദ്ധതി പഞ്ചായത്തിന് കൈമാറി. |
| 4 | എൻ.സി./പി.സി. പറളി II കുടിവെള്ള പദ്ധതി | പണി പൂർത്തീകരിച്ച് 16/09/2012-ന് പദ്ധതി പഞ്ചായത്തിന് കൈമാറി. |

| | | |
|---|---|---|
| 5 | എൻ.ആർ.ഡി.ഡബ്ല്യൂ.പി. -പൊറ്റശ്ശേരി I & II വില്ലേജുകൾക്കുളള വിതരണ ശൃംഖല | 290/- ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി ഉള്ളത്. ആകെ 38.5കി.മീറ്റർ വിതരണ ശൃംഖലയിൽ 25 കി.മീ. പൂർത്തീകരിച്ചു. പദ്ധതി 03/2015-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| 6 | എൻ.ആർ.ഡി.ഡബ്ല്യൂ.പി. കാരാക്കുറിശ്ശി, തച്ചമ്പാറ കുടിവെള്ള പദ്ധതി - വിതരണ ശൃംഖല | 500 ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി ഉള്ളത്. ആകെ 63.25കി.മീ. വിതരണ ശൃംഖലയിൽ 20കി.മീ. പൈപ്പ് സ്ഥാപിച്ചു. പദ്ധതി 03/2015-ൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| 7 | ഞാവലിൻ കടവ് പദ്ധതി | മണ്ണൂർ പഞ്ചായത്തിന് ഒരു സമഗ്ര ശുദ്ധജലവിതരണ പദ്ധതി ഞാവലിൻ കടവ് ഉറവിടമാക്കിക്കൊണ്ട് 692 ലക്ഷം രൂപയുടെ വിശദമായ ഒരു എഞ്ചിനീയറിംഗ് റിപ്പോർട്ട് 2010-ൽ എസ്.എൽ.എസ്.എസ്.ക്ക് സമർപ്പിച്ചെങ്കിലും ജല ശുദ്ധീകരണശാല നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതിക്ക് അംഗീകാരം ലഭിച്ചില്ല. |

സെക്ഷൻ ഓഫീസർ